# KHSTU KASARGOD DISTRICT COMMITTEE

## ഹയർസെക്കണ്ടറി ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം

കാസർകോട്: കേരള ഹയർ സെക്കണ്ടറി ടീച്ചേഴ്സ് യൂണിയൻ ജില്ലാ സമ്മേളനം ടി.എ.ഇബ്രാഹിം സ്മാരക മന്ദിരത്തിൽ സംസ്ഥാന പ്രസിഡണ്ട് എം. എം. ഷാഫി ഉദ്ഘാടനം ചെയ്തു. കരിക്കുലം കമ്മിറ്റി അംഗം കെ.ടി. അബ്ദുൾ ലത്തീഫ് മുഖ്യ പ്രഭാഷണം നടത്തി.

ജില്ലയുടെ വടക്കൻ മേഖലകളിൽ ഹയർ സെക്കന്ററിയിൽ സ്ഥിരം അദ്ധ്യാപകരില്ലാത്തതും സ്ഥിരം നിയമനം ലഭിക്കുന്ന ജൂനിയർ അധ്യാപകർ പോലും ഒരു മുൻപരിചയവുമില്ലാതെ പ്രിൻസിപ്പൽ ചാർജ്ജ് ഏറ്റെടുക്കേണ്ടി വരുന്നതും ഹയർ സെക്കണ്ടറി സ്കൂളുകളുടെ വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിച്ചിട്ടുണ്ട്. മുഴുവൻ ഹയർ സെക്കണ്ടറികളിലും സ്ഥിരം അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമ്മേളനം സർക്കാറിനോടാവശ്യപ്പെട്ടു.

ചരിത്രത്തിലാദ്യമായി ഹയർസെക്കണ്ടറി മേഖലയിലെ പ്രശ്നങ്ങളും ആവശ്യങ്ങളും പഠിക്കാൻ കമ്മീഷനെ വെച്ചതും ഹയർസെക്കന്ററിയുടെ മാഗ്നകാർട്ടയായി വിശേഷിപ്പിക്കപ്പെടുന്ന ലബ്ബാകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധമായി പ്രവർത്തിക്കുന്നതും ഗവണ്മെന്റിന്റെ ഈ മേഖലയോടുള്ള ആത്മാർത്ഥതയുള്ള സമീപനമാണ് വ്യക്തമാക്കുന്നത്. വിഷയത്തിൽ സംഘടനയുടെ സജീവമായ ഇടപെടൽ ഫലം കണ്ടുതുടങ്ങിയതിന്റെ സൂചനയാണ് ഹയർ സെക്കന്ററി പ്രവൃത്തി ദിനങ്ങൾ അഞ്ചായി ചുരുക്കുന്നതിനെക്കുറിച്ചുള്ള മന്ത്രിയുടെ പ്രസ്താവനയെന്ന് സമ്മേളനം വിലയിരുത്തി.


പ്രസിഡണ്ട്


ജന.സെക്രട്ടറി

നോട്ടീസുകളിലും ലഘുലേഖകളിലും ഹയർസെക്കണ്ടറി ആവശ്യങ്ങൾ വിശാലമനസ്കതയോടെ പ്രകടിപ്പിക്കുകയും സമ്മേളനങ്ങളിലും മന്ത്രിതലത്തിലും ഉദ്യോഗസ്ഥതലത്തിലും നടക്കുന്ന യോഗങ്ങളിൽ ഹയർസെക്കന്ററി വിരുദ്ധനിലപാടുകൾ സ്വീകരിക്കുയും ചെയ്യുന്ന അധ്യാപക സംഘടനാ രംഗത്തെ കള്ളനാണയങ്ങളെ തിരിച്ചറിഞ്ഞ് ഒറ്റപ്പെടുത്തണമെന്ന് സമ്മേളനം ആഅഹ്വാനം ചെയ്തു. സംസ്ഥാന നേതാക്കളായ ഷൗക്കത്തലി.ഒ, പി.വി. കൃഷ്ണൻ നമ്പൂതിരി, കരീം കോയക്കീൽ, എ. സന്തോഷ്, റഹ്മാൻ പാണത്തൂർ. ശെരീഫ് തങ്കയം, ഫൈസൽ ചക്കരക്കല്ല് സംസാരിച്ചു.

ഭാരവാഹികൾ: .പി.ഇ അബ്ദുൽ റഹ്മാൻ( പ്രസി.), എം.എം. അബ്ദുൽ റഹ്മാൻ, എം.ടി. പി. മുഹമ്മദ് കുഞ്ഞി (വൈ. പ്രസി.), ശരിഫ് തങ്കയം (ജന. സെക്ര.), ഫൈസൽ ഉദുമ, പി.എം റംലത്ത്.(ജോ.സെക്ര.), ഫൈസൽ ചക്കരക്കല്ല് (ട്രഷ.)

ചന്ദ്രിക : 2014 ജനുവരി 21




കെഎച്ച്എസ്ടിയു ജില്ലാ പ്രസിഡന്റ് പി.ഇ. അബ്ദുൽ റഹ്മാൻ, ജനറൽ സെക്രട്ടറി ഷെരീഫ്.

## സ്ഥിരം അധ്യാപകരെ നിയമിക്കണം

തൃക്കരിപ്പൂർ ● ജില്ലയിലെ മുഴുവൻ ഹയർസെക്കൻഡറി സ്കൂളുകളിലും സ്ഥിരം അധ്യാപകരെ നിയമിക്കണമെന്ന് ഹയർസെക്കൻഡറി ടീച്ചേഴ്സ് യൂണിയൻ (കെഎച്ച്എസ്ടിയു) ജില്ലാ സമ്മേളനം ആവശ്യപ്പെട്ടു.

സംസ്ഥാനപ്രസിഡന്റ്എം.എം. ഷാഫി ഉദ്ഘാടനം ചെയ്തു. കരിക്കുലം കമ്മിറ്റി അംഗം കെ.ടി. അബ്ദുൽ ലത്തീഫ്, ഒ. ഷൗക്കത്തലി, പി.വി. കൃഷ്ണൻ നമ്പൂതിരി, കരീം കൊയക്കീൽ, എ. സന്തോഷ്, റഹ്മാൻ , ഷെരീഫ് , ഫൈസൽ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികൾ: പി.ഇ. അബ്ദുൽ റഹ്മാൻ (പ്രസി), എം.എം. അബ്ദുൽ റഹ്മാൻ, എം.ടി.പി. മുഹമ്മദ് കുഞ്ഞി (വൈ. പ്രസി), ഷെരീഫ് (ജന. സെക്ര), ഫൈസൽ ഉദുമ, പി.എം. റംലത്ത് (സെക്ര), ഫൈസൽ (ട്രഷ).

മലയാള മനോരമ : 2014 ജനുവരി 22